LIBRARY ARCHIVES Kerala Legislative Assembly

വീടുപണി പൂർത്തിയാക്കാൻ പ്രത്യേക പദ്ധതി

139 (T* 4721) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റ് സർക്കാർ വകുപ്പുകളും വീട് വയ്ക്കുവാൻ നൽകുന്ന ധന തികയാത്തതിനാൽ വീട് പണി പൂർത്തിയാക്കാൻ സാധിക്കാതെ നിരവധിപേർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ വീട് പണി പൂർത്തിയാക്കാൻ സാധിക്കാതെ വന്നവർക്കായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത്തരക്കാരെ സഹായിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ ?

ഉത്തരം

(എ & ബി) ഇക്കാര്യം ഭവന നിർമ്മാണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതര സർക്കാർ വകുപ്പുകൾ വീടുവയ്ക്കാൻ നൽകുന്ന സാമ്പത്തിക സഹായം തികയാതെ വരുന്നവർക്ക് വീടുപണി പൂർത്തിയാക്കുവാൻ നിലവിൽ പദ്ധതികളൊന്നും ഭവന നിർമ്മാണ വകുപ്പിന്റെ പരിഗണനയിലില്ല.

സാഫല്യം ഭവന നിർമ്മാണ പദ്ധതി

140 (4722) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാഫല്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എല്ലാവർക്കും പാർപ്പിടം ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ആവിഷ്കരിച്ചിരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

---

* T അടയാളപ്പെടുത്തിയ ചോദ്യത്തെ സൂചിപ്പിക്കുന്നു